ഉത്തരം.

(എ, ബി, സി,) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതിനോടു ബന്ധിച്ചിരിക്കുന്നു. *

(ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

പള്ളിക്കൽ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ.

156. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽ പഞ്ചായത്തിൽ 1953-നു ശേഷം 1963 ഡിസംബർ 31-ാംനു-വരെ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ നടന്നു ;

(ബി) ഏതെല്ലാം ഗോത്തു് ഇലക്ട്രിക്കു് ലൈൻ നീട്ടുവാനുണ്ടു് ;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ടു് ?

ഉത്തരം.

(എ, ബി, സി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടുകൂടി ചേർത്തിരിക്കുന്നു. *

ശ്രീനാട്ടു് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ.

157. [11] ശ്രീ. പി.സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാട്ട പഞ്ചായത്തിൽ 1953നു-ശേഷം 1963 ഡിസംബർ 31—ാംനു-വരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ പഞ്ചായത്തു ബ്ലോക്കു് ഇവ മുഖേന നടത്തി;

(ബി) ഈ പഞ്ചായത്തിൽ ഏവിടെയൊക്കെ ഇലക്ട്രിക്കു് ലൈൻ നീട്ടുവാനുണ്ടു്;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ടു്?

ഉത്തരം

ശ്രീനാട്ടു് നോർത്തു്, ശ്രീനാട്ടു് സൌത്തു് എന്നു രണ്ടു പഞ്ചായത്തുകൾ നിലവിൽ ഉണ്ടു്. ചോദ്യം ഏതു പഞ്ചായത്തിനെക്കുറിച്ചു എന്നുള്ളതു് വ്യക്തമല്ലാ. എങ്കിലും മേൽപ്പറഞ്ഞ രണ്ടു പഞ്ചായത്തുകളേ സംബന്ധിച്ചുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റു വെവ്വേറെ ഇതോടുകൂടി ചേർത്തിരിക്കുന്നു.

കുന്നത്തൂർ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ.

158 [12] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ പഞ്ചായത്തിൽ 1953—നുശേഷം 1963 ഡിസംബർ 30-ാംനു-വരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ പഞ്ചായത്തു മുഖേനയും, ബ്ലോക്കു മുഖേനയും നടന്നു;

(ബി) ടി പഞ്ചായത്തിൽ എത്ര വില്ലേജു് റോഡുകൾ തീർക്കാനുണ്ടു്;

* Appendix IV

* Appendix V.

LIBRARY ARCHIVES Kerala Legislative Assembly